## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1809 — 17.12.2012 ലെ മറുപടിയ്ക്ക്

## സെസ്സ് കേന്ദ്ര സർക്കാർ സ്ഥാപനമായി മാറ്റുന്നതിനുള്ള തീരുമാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ . വി. ശശി : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഭൗമശാസ്ത്ര പഠന കേന്ദ്രം കേന്ദ്ര സർക്കാർ സ്ഥാപനമായി മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത്തരത്തിലുള്ള തീരുമാനത്തിലേക്ക് വഴി തെളിക്കാനുണ്ടായ കാരണം വെളിപ്പെടുത്തുമോ ; | (ബി) കേരള സർക്കാരിന്റെ കീഴിൽ 1978-ൽ സ്ഥാപിതമായ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് കഴിഞ്ഞ 34 കൊല്ലത്തിൽ തനതുതുറയിൽ മുൻപന്തിയിലുള്ള ഒരു സ്ഥാപനമായി വളർന്നിട്ടുണ്ട്. ഇതിന്റെ തുടർന്നുള്ള വളർച്ചയ്ക്ക് അടിസ്ഥാനപരമായുള്ള കാര്യങ്ങൾക്കും മാനവ വിഭവശേഷിക്കും ഭാരിച്ച മൂലധന ചെലവ് വേണ്ടിവരുമെന്നതും, കേന്ദ്ര സർക്കാരിന്റെ കീഴിൽ സ്വയംഭരണ സ്ഥാപനമായി സെസ്സിന് കൂടുതൽ വളരാൻ കഴിയുമെന്ന കാര്യവുമാണ് സെസ്സ് കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നതിനുള്ള തീരുമാനത്തിലേയ്ക്ക് വഴിതെളിയിച്ചത്. |
| (സി) കേന്ദ്ര സർക്കാർ സ്ഥാപന--മായി മാറുമ്പോൾ ഈ സ്ഥാപനത്തിനായി ചെലവിട്ട തുകയ്ക്കും സെസ്സ് ആസ്ഥാനത്തുള്ള ഭൂമിക്കും കെട്ടിടങ്ങൾക്കുമുള്ള കോമ്പൻസേഷനായി സംസ്ഥാനത്തിന് ലഭിക്കുന്ന തുക എത്രയാണെന്ന് പറയാമോ ; | (സി) സെസ്സ് കേന്ദ്ര സർക്കാർ ഏറ്റെടുക്കുമ്പോൾ സംസ്ഥാനത്തിന് നഷ്ടപരിഹാരമായി ഒന്നും തന്നെ ലഭിക്കുകയില്ല എങ്കിലും സെസ്സ് സംസ്ഥാനത്തിന് നൽകിവരുന്ന സേവനങ്ങൾ സംസ്ഥാനത്തിന് തുടർന്നും ഉപയോഗപ്പെടുത്തുവാൻ കഴിയും. |
| (ഡി) കേന്ദ്രസർക്കാരിന് സ്ഥാപനം കൈമാറുമ്പോൾ ഈ സ്ഥാപനം സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറില്ലായെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ? | (ഡി) സെസ്സ് ഏറ്റെടുക്കുന്നതു സംബന്ധിച്ച ധാരണാപത്രത്തിൽ കേന്ദ്ര സർക്കാർ ഉറപ്പ് നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ